പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2776 — 21.6.2012 ൽ മറുപടിയ്ക്ക്

**കൊട്ടാരക്കര സബ് രജിസ്ട്രാർ ആഫീസ് മോഡണൈസേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി : | ശ്രീ.അനൂപ് ജേക്കബ്ബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കൊട്ടാരക്കര സബ് രജിസ്ട്രാർ ആഫീസിലെ ലാന്റ് റെക്കോർഡ് മോഡണൈസേഷൻ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (എ) കൊട്ടാരക്കര സബ് രജിസ്ട്രാർ ആഫീസിന്റെ മോഡണൈസേഷൻ പദ്ധതിയുടെ ആദ്യഘട്ടം, 2012 ആഗസ്റ്റ് മാസത്തിൽ പൂർത്തീകരിക്കുന്ന രീതിയിൽ പുരോഗമിക്കുന്നു. നിലവിലെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.<br>1. 291 രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് പൂർത്തിയാക്കി.<br>2. 703000 ഷീറ്റുകളുടെ ക്ളീനിംഗ് ജോലികൾ പൂർത്തിയാക്കി.<br>3. 4700 ആധാരങ്ങളുടെ ഡാറ്റാ ഫീഡിംഗ് പൂർത്തിയാക്കി. |
| (ബി) പദ്ധതി നടത്തിപ്പിന് ചുമതലപ്പെടുത്തിയിരുന്നത് ആരെയാണ് ; | (ബി) പദ്ധതി നടത്തിപ്പിനായി, കേരള സർക്കാർ സ്ഥാപനമായ സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സിഡിറ്റ്) - യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) ഇതിനായി എന്തു തുകയ്ക്കുള്ള ഭരണാനുമതിയാണ് ലഭിച്ചിരിന്നത്; | (സി) 26-12-2011 -ലെ GO(Rt) 6292/11/RD നമ്പർ ഉത്തരവ് പ്രകാരം, 58,33,800/- രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിരിക്കുന്നത്. |
| (ഡി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചു വരുന്ന പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിലേക്കു മാറ്റുന്ന പദ്ധതിയാണ് ഇത്. |

കേന്ദ്രാവിഷ്കൃത പരിപാടിയായ നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡേണൈസേഷൻ എന്ന പദ്ധതിയിലുൾപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങൾ, അത്യാധുനിക സ്കാനറുകൾ ഉപയോഗിച്ച് സ്കാൻ ചെയ്യുകയും, അത് അതിവേഗ കമ്പ്യൂട്ടറുകളിൽ സൂക്ഷിച്ചുകൊണ്ട്, നിലവിലെ രജിസ്ട്രേഷൻ ഡാറ്റായുമായി സംയോജിപ്പിച്ച് കൊണ്ടുള്ള പ്രവർത്തന രീതിയാണ് ടി പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ